പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.374 27.09.2016-ൽ മറുപടിയ്ക്ക്

## നാഷണൽ ഗെയിംസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | തലസ്ഥാന നഗരത്തിലെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിനു പുറകിൽ, നിയമസഭാ മന്ദിരത്തിനും നിയമസഭാ ഹോസ്റ്റലിനും ഇടയ്ക്കായി നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി അതിന്റെ ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകുമോ ; ആകെ എത്ര തുക ഇതിനായി ചെലവഴിച്ചു ; | (എ) | തലസ്ഥാന നഗരത്തിലെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിനു പുറകിൽ നിയമസഭാ മന്ദിരത്തിനും നിയമസഭാ ഹോസ്റ്റലിനും സമീപത്തായി 35-ാം നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി ആകെ 5,38,81,707/- രൂപ (അഞ്ച് കോടി മുപ്പത്തിയെട്ട് ലക്ഷത്തി എൺപ്പത്തി ഒന്നായിരത്തി എഴുന്നൂറ്റി ഏഴ് രൂപ) ചെലവഴിച്ച് സ്ക്വാഷ് കോർട്ട് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി 5,17,68,264/- (അഞ്ച് കോടി പതിനേഴ് ലക്ഷത്തി അറുപത്തിയെട്ടായിരത്തി ഇരുന്നൂറ്റി അറുപത്തിനാല് രൂപ) രൂപയും കൺസൾട്ടൻസിക്കായി 20,20,224/- (ഇരുപത് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തിനാല് രൂപ) രൂപയും പരസ്യ ചാർജിനായി 93,219/- (തൊണ്ണൂറ്റി മൂന്നായിരത്തി ഇരുന്നൂറ്റി പത്തൊൻപത് രൂപ) രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മിതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ, ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ നിന്നോ അനുമതി വാങ്ങിയിരുന്നോ ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | സ്ക്വാഷ് കോർട്ടിന്റെ നിർമ്മാണത്തിന് തിരുവനന്തപുരം നഗരസഭയിൽ അനുമതിക്കായി 06/02/2013 -ൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെയും ലഭിച്ചിട്ടില്ല. എന്നാൽ കേരളാ ബിൽഡിംഗ് റൂൾസ് അനുസരിച്ച് സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അപേക്ഷ സമർപ്പിച്ച് 30 ദിവസങ്ങൾക്കകം പെർമിറ്റ് നിരസിക്കാത്ത പക്ഷം പെർമിറ്റ് ലഭിക്കും എന്ന് കരുതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. അതനുസരിച്ച് ദേശീയ പ്രാധാന്യം കണക്കിലെടുത്തു നിർമ്മാണം ആരംഭിക്കുകയും എല്ലാ അനുബന്ധ പ്രവൃത്തികളും അടക്കം 2014 നവംബറിൽ സ്ക്വാഷ് കോർട്ട് നിർമ്മാണം 35-ാം ദേശീയ ഗെയിംസിനുവേണ്ടി സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | നിർമ്മിതികൾ നാഷണൽ ഗെയിംസിനുശേഷം പൊളിച്ചു നീക്കിയിരുന്നോ ; ഇല്ലെങ്കിൽ അവ ഏതെങ്കിലും ഏജൻസിക്ക് കൈമാറി നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | സ്ഥിര നിർമ്മിതികളാണ് പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചത്. ആയതിനാൽ ഗെയിസിന് ശേഷം അവ പൊളിച്ച് നീക്കം ചെയ്യേണ്ടി വന്നിട്ടില്ല. ഗെയിംസ് ആരംഭിക്കുന്നതിന് മുൻപേ 03/12/2014-ൽ സ്ക്വാഷ് കോർട്ട് വെന്യൂ അഡ്മിനിസ്ട്രേറ്റർ ആയ ശ്രീ. സുഭാഷ് ജോർജ്, ഡെപ്യൂട്ടി കമാന്റന്റ് & ജോയിന്റ് സ്പോർട്സ് ഓഫീസറെ ഏല്പിച്ചിരുന്നു. ഗെയിംസ് കഴിഞ്ഞ ശേഷം 24/02/2015-ലെ സർക്കാർ ഉത്തരവ് (കൈ)നം. 09/15/കാ.യു.വ (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം സ്ക്വാഷ് കോർട്ട് ശ്രീ. സുഭാഷ് ജോർജ് മുഖാന്തിരം കേരളാ പോലീസ് മേധാവിക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. നിലവിൽ ഇത് കേരളാ പോലീസ് വകുപ്പിന്റെ അധീനതയിലാണ്. |
| (ഡി) | നിർമ്മിതികളോട് ചേർന്ന് കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; അതിനുള്ള ഫണ്ട് ഏതു ഹെഡ്ഡിൽ നിന്നാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ മേൽനോട്ടത്തിൽ ഇപ്പോൾ യാതൊരു രീതിയിലുമുള്ള നിർമ്മാണവും പ്രസ്തുത സ്ഥലത്ത് നടക്കുന്നില്ല. |

Manoj M

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

കായികയുവജനകാര്യ വകുപ്പ് - 35-ാമത് ദേശീയ ഗെയിംസിനായി ഏറ്റെടുത്ത സ്റ്റേഡിയങ്ങളുടെ ഗെയിംസിനുശേഷമുള്ള പരിപാലനം ക്രമീകരണങ്ങൾ, നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കായികയുവജനകാര്യ (എ) വകുപ്പ്**
**സ.ഉ.(കൈ)നം.09/15/കാ.യു.വ. തീയതി, തിരുവനന്തപുരം. 24.02.2015**

==========================================================================

**പരാമർശം** : 12.08.2014-ലെ സ. ഉ.(കൈ)നം.29/14/കാ.യു.വ

**ഉത്തരവ്**

35-ാമത് ദേശീയ ഗെയിംസ് സംസ്ഥാനത്തെ താഴെപ്പറയുന്ന 30 വേദികളിൽ വിജയകരമായി നടന്നുകഴിഞ്ഞു.

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം
2. കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയം, വെള്ളായണി, തിരുവനന്തപുരം
3. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം
4. CIAL കൺവെൻഷൻ സെന്റർ, എറണാകുളം
5. CIAL ഗോൾഫ് കോഴ്സ്, എറണാകുളം
6. ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം
7. ജവർഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, കൊച്ചി
8. കേരള പോലീസ് അക്കാഡമി, തൃശ്ശൂർ
9. LNCPE വെലോഡ്രോം, LNCPE ഇൻഡോർ കോർട്ട്, തിരുവനന്തപുരം
10. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി
11. തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
12. ചെറായി ബീച്ച്, എറണാകുളം
13. കോവളം ബൈപാസ്, തിരുവനന്തപുരം
14. കോഴിക്കോട് ബീച്ച്
15. ശംഖുംമുഖം ബീച്ച്, തിരുവനന്തപുരം
16. വേമ്പനാട്ട് കായൽ
17. വട്ടിയൂർകാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം
18. സ്ക്വാഷ് കോർട്ട്, പാളയം, തിരുവനന്തപുരം

19. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്
20. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ
21. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം
22. മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട്
23. ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം
24. ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ
25. ഡോ.അംബേദ്കർ നീന്തൽക്കുളം, പിരപ്പൻകോട്, തിരുവനന്തപുരം
26. ശ്രീപാദം ഇൻഡോർ സ്റ്റേഡിയം, ആറ്റിങ്ങൽ
27. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
28. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
29. ഹോക്കി സ്റ്റേഡിയം, കൊല്ലം
30. ടെന്നിസ് സ്റ്റേഡിയം, കുമാരപുരം, തിരുവനന്തപുരം

ഈ വേദികളെല്ലാം പരാമർശ ഉത്തരവ് പ്രകാരം ദേശീയഗെയിംസിനായി ഏറ്റെടുത്തിട്ടുള്ളതാണ്.അതുകൊണ്ട് ഗെയിംസ് കഴിയുന്ന മുറയ്ക്ക് സ്റ്റേഡിയങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ ഗെയിംസിനായി ഏറ്റെടുത്തിട്ടുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനത്തിനായി താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

1. ഇവയിൽ ക്രമനമ്പർ 1 മുതൽ 11 വരെയുള്ള വേദികളിൽ ദേശീയ ഗെയിംസിനായി വരുത്തിയ മാറ്റങ്ങൾ നിലനിറുത്തി മെച്ചപ്പെട്ട രീതിയിൽ തുടർന്നും പരിപാലിക്കുമെന്ന ഉറപ്പിൽ പ്രസ്തുത സ്റ്റേഡിയങ്ങൾ അതത് ഉടമസ്ഥർക്ക് വിട്ടു നൽകുന്നു.

2. ക്രമനമ്പർ 12 മുതൽ 16 വരെയുള്ള സ്ഥലങ്ങളിൽ ഗെയിംസിനായി നിർമ്മിച്ച താത്കാലിക വേദികൾ മാറ്റുന്നതിന് ആവശ്യമായ നടപടികൾ നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് സ്വീകരിക്കേണ്ടതാണ്.

3. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം സ്ക്വാഷ് കോർട്ട്, ഹോക്കി സ്റ്റേഡിയം, കൊല്ലം എന്നിവയുടെ പരിപാലന ചുമതല സംസ്ഥാന പോലീസ് മേധാവിയിൽ താത്ക്കാലികമായി നിക്ഷിപ്തമാക്കുന്നു. മാർച്ച് 31 വരെ നടക്കുന്ന ഷൂട്ടിംഗ് മത്സരങ്ങൾക്ക് പ്രസ്തുത ഷൂട്ടിംഗ് റേഞ്ചിൽ ആവശ്യമായ ക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവി ഏർപ്പെടുത്തേണ്ടതാണ്.

4. തിരുവനന്തപുരം ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പരിപാലനച്ചുമതല കായിക യുവജനകാര്യ ഡയറക്ടർ നിർവ്വഹിക്കുന്നതാണ്. കൂടാതെ ഈ സ്റ്റേഡിയങ്ങൾ വരുമാനസ്രോതസ്സായി ഉപയോഗിക്കാനുതകുന്ന രീതിയിൽ ഒരു ചട്ടക്കൂട് സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് നടപ്പാക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

5. ക്രമ നമ്പർ 24,25,26,28 വരെയുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനച്ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിക്ഷിപിതമാക്കുന്നു.

6. ക്രമനമ്പർ 19,20,21,22,27 എന്നിവ ഏറ്റെടുത്ത് അടുത്ത 2 മാസത്തേയ്ക്ക് (മാർച്ച് 31 വരെ) പരിപാലിക്കാൻ അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു. സിന്തറ്റിക് പ്രതലങ്ങളും, പുൽത്തകിടിയും പരിപാലിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശവും ആവശ്യമായ ധനസഹായവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകേണ്ടതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ കോർപ്പറേഷനുകളുടെ അധീനതയിലുള്ള ക്രമനമ്പർ 19,20,21 സ്റ്റേഡിയങ്ങളുടെ സമയബന്ധിത അറ്റകുറ്റപ്പണികളും, ആവർത്തനച്ചെലവുകളും, പരിപാലനച്ചെലവുകളും നിർവ്വഹിക്കുന്നതിനും വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അതത് തദ്ദേശസ്വയഭരണസ്ഥാപനങ്ങളുമായി ചർച്ചചെയ്ത് വിശദമായ ഒരു പദ്ധതിനിർദ്ദേശം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി സമർപ്പിക്കേണ്ടതാണ്. 29, 30 എന്നീ സ്റ്റേഡിയങ്ങളുടെ പരിപാലനചുമതലയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശവും മേൽനേട്ടവും കായികയുവജനകാര്യ ഡയറക്ടർ നൽകുന്നതാണ്.

7. ഗെയിംസ് വില്ലേജിലെ സാധന സാമഗ്രികൾ പുനരുപയോഗിക്കുന്ന രീതിയിൽ പരസ്യ ലേലം നടത്തി നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്ന പ്രക്രിയ പൂർത്തിയാകുന്നതുവരെ ഗെയിംസ് വില്ലേജിന്റെ സുരക്ഷാചുമതല CRPF -നെ ഏൽപ്പിക്കുന്നു. ഗെയിംസ് വില്ലേജിലെ സുരക്ഷാസംവിധാനം 2015 മാർച്ച് 31 വരെ തുടരുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**എം.ശിവശങ്കർ**
**ഗവൺമെന്റ് സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും.
ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ,
ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ്.
ഡയറക്ടർ, കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (03/12/14 - ലെ ഇനം നം. 6090 പ്രകാരം)
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (എല്ലാ പത്ര-ദൃശ്യ - ശ്രവ്യ മാധ്യമങ്ങൾ മുഖേന വ്യാപക പ്രചരണത്തിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായിക വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായിക വകുപ്പുസെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

ഉത്തരവിൻപ്രകാരം

Sd/-

സെക്ഷൻ ഓഫീസർ

Manju M
സെക്ഷൻ ഓഫീസർ